Janayugom 15-12-18, p-09

കശുമാവ് കൃഷി വ്യാപനം; കശുവണ്ടി കാർഷിക മേഖലക്ക് പുത്തൻ ഉണർവ്വ്

എസ്. ജയമോഹൻ
ചെയർമാൻ
കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ
ഫോൺ : 9447417711

കേരളത്തിലെ കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധി വളരെ രൂക്ഷമാണെന്ന വസ്തുത ഇപ്പോൾ ഈ മേഖലയിലെ വ്യവസായികൾ, തൊഴിലാളികൾ, വിദഗ്ധർ തുടങ്ങി എല്ലാവർക്കും നല്ല ബോധമുള്ളതാണ്. കേരളത്തിൽ 840 കശുവണ്ടി ഫാക്ടറികളിലായി 3 ലക്ഷത്തോളം തൊഴിലാളികൾ പണിയെടുക്കുന്നു. അതിന്റെ 95% ഉം സ്ത്രീ തൊഴിലാളികളാണെന്ന പ്രത്യേകത കശുവണ്ടി വ്യവസായത്തിന് മാത്രമുള്ളതാണ്.

കേരളത്തിലെ കശുവണ്ടി ഫാക്ടറികൾക്ക് സ്ഥിരമായി പ്രവർത്തിക്കണമെങ്കിൽ പ്രതിവർഷം 6 ലക്ഷം ടൺ അസംസ്കൃത വസ്തുവായ തോട്ടണ്ടി ആവശ്യമാണ്. നമ്മുടെ ആഭ്യന്തര ഉൽപ്പാദനം ഇതിന്റെ 10% മാത്രമേ വരികയുള്ളൂ. ആവശ്യമായ അസംസ്കൃത വസ്തു ലഭിക്കാത്ത ഈ വ്യവസായം പ്രതിസന്ധിയിലാകുമെന്നത് വ്യക്തം. കേരളത്തിൽ കശുവണ്ടി വ്യവസായത്തിന് ആവശ്യമായ അളവിൽ തോട്ടണ്ടി ലഭിച്ച ഒരു കാലഘട്ടവും ചരിത്രത്തിൽ ഇല്ല എന്നു തന്നെ പറയാം. എങ്കിലും ആവശ്യമായതിന്റെ 50% ഇറക്കുമതി ചെയ്ത് പൂർണ്ണതോതിൽ ഈ വ്യവസായം നടന്നുവന്ന കാലഘട്ടം ഉണ്ടായിരുന്നു.

ഇന്ത്യയിലെ കശുമാവ് കൃഷിയുള്ള സംസ്ഥാനങ്ങളിൽ വിസ്തൃതിയുടെ കാര്യത്തിൽ 1970-കളിൽ ഒന്നാം സ്ഥാനത്തായിരുന്നു കേരളം. എന്നാൽ ക്രമേണ പിന്തള്ളപ്പെട്ടു. ഇപ്പോൾ കേരളം 6-ാം സ്ഥാനത്ത് എത്തിനിൽക്കുന്നു. കേരളത്തിലെ കശുമാവ് കൃഷി വിസ്തൃതി ക്രമേണ കുറഞ്ഞുവെന്നത് മാത്രമല്ല, മറ്റ് സംസ്ഥാനങ്ങൾ വിസ്തൃതിയിൽ ക്രമേണ വർദ്ധന കൈവരിച്ചതും കേരളത്തിന്റെ സ്ഥാന വ്യതിയാനത്തിന് കാരണമായി. കർണ്ണാടക, മഹാരാഷ്ട്ര, തമിഴ്നാട്, ആന്ധ്രപ്രദേശ്, ഒഡിഷ തുടങ്ങിയ സംസ്ഥാനങ്ങൾ കശുമാവ് കൃഷിയിൽ മുന്നേറ്റമുണ്ടാക്കി.

ആദ്യകാലത്ത് കേരളത്തിൽ കശുമാവ് വിസ്തൃതിയിലും ഉൽപ്പാദനത്തിലും വ്യതിയാനങ്ങൾ ഉണ്ടായത് റബ്ബർ കേരളത്തിൽ പ്രചാരം നേടിയതോടു കൂടിയാണ്. കാർഷികേതര ആവശ്യങ്ങൾക്കും മറ്റു വിളകൾക്കുമായി പരിവർത്തനം ചെയ്തതും കശുമാവ് തോട്ടങ്ങളായിരുന്നു. 2005-06 മുതൽ 2015-16 വരെയുള്ള കാലയളവിൽ വിസ്തൃതി 80,000 ഹെക്ടറിൽ നിന്നും 43,000 ഹെക്ടറായി കുറഞ്ഞു. ഉൽപ്പാദനത്തിലും വലിയ കുറവുണ്ടായി. 2005-06 ൽ 68,000 ടൺ ഉൽപ്പാദനമുണ്ടായിരുന്നത് 2015-16 ൽ 28,000 ടൺ മാത്രമായി ചുരുങ്ങി. പ്രായം ചെന്നതും ഉൽപ്പാദന ക്ഷമത കുറഞ്ഞതുമായ വൃക്ഷങ്ങൾ വെട്ടിമാറ്റി നല്ലയിനം പുതിയ തൈകൾ നട്ടുപിടിപ്പിക്കാത്തതു മൂലവും ഉൽപ്പാദനക്ഷമത 1 ഹെക്ടറിന് 900 കിലോ എന്നത് 650 കിലോ ആയി കുറയുകയും ചെയ്തു. ഇത് തോട്ടണ്ടി ലഭ്യതയെ കാര്യമായി ബാധിച്ചു. 840 രജിസ്റ്റേർഡ് കാഷ്യൂ ഫാക്ടറികളിൽ 80% ഉം അടഞ്ഞുകിടക്കുന്ന സ്ഥിതി സംജാതമായി. ഇപ്പോൾ സർക്കാർ ഇടപെടലിലൂടെ 350 എണ്ണം തുറന്നു പ്രവർത്തിപ്പിക്കുന്നതിന് സാധിച്ചുവെങ്കിലും ഈ മേഖലയിലെ തൊഴിൽ നഷ്ടം വലിയ കുറവാണ് സമ്പദ്ഘടനയിൽ വരുത്തിയത്.

15 ആഫ്രിക്കൻ, ഏഷ്യൻ രാജ്യങ്ങളിൽ നിന്നും തോട്ടണ്ടി ഇറക്കുമതി ചെയ്തു ഇതിന് പരിഹാരം കാണുന്നതിനുള്ള സാധ്യതകൾക്ക് ഇപ്പോൾ മങ്ങലേറ്റിരിക്കുകയാണ്. അന്താരാഷ്ട്ര വിപണിയിൽ തോട്ടണ്ടിയുടെ വില 800 യുഎസ് ഡോളർ എന്നത് 1800 യുഎസ് ഡോളറായി ഉയർന്നതാണ് ഒരു കാരണം. തോട്ടണ്ടി ഇറക്കുമതിക്ക് കേന്ദ്രസർക്കാർ 9.4% ഇറക്കുമതി ചുങ്കം ഏർപ്പെടുത്തിയത് മറ്റൊരു ആഘാതമായി.

2015-16 ൽ 9,60,000 ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്തിടത്ത് 2017-18ൽ 6,50,000 ടൺ തോട്ടണ്ടി മാത്രമാണ് ഇന്ത്യ ഇറക്കുമതി ചെയ്തത്. പിന്നീട് കേന്ദ്ര സർക്കാർ ഇറക്കുമതി ചുങ്കം 2.5% ആയി പുനർ നിർണ്ണയിച്ചെങ്കിലും അന്താരാഷ്ട്ര വിപണിയിലെ വർദ്ധിച്ച വിലയും ലഭ്യതക്കുറവും ഇറക്കുമതിക്ക് തടസ്സമായി നിൽക്കുന്നു.

കുശുവണ്ടി വ്യവസായരംഗത്തെ അനിശ്ചിതത്വങ്ങൾക്ക് പരിഹാരം കാണുന്നതിനായി 1969ൽ സ്ഥാപിച്ച കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ, 1984ൽ സഹകരണ മേഖലയിൽ സ്ഥാപിച്ച കാപ്പെക്സ്, ഇവയുടെ പ്രവർത്തനങ്ങൾ ആശ്വാസം പകരുന്നവയാണെങ്കിലും സ്വകാര്യ മേഖലയിലെ അനിശ്ചിതത്വം വലിയ തോതിലുള്ള തൊഴിൽ നഷ്ടത്തിനിടയാക്കിയിരിക്കുകയാണ്.

തോട്ടണ്ടിയുടെ തദ്ദേശീയ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി 2007-ൽ രൂപീകരിച്ച കേരള സംസ്ഥാന കശുമാവ് വികസന ഏജൻസി 'KSACC' യുടെ പ്രവർത്തനങ്ങൾ കശുമാവിന്റെ വിളവിസ്തൃതി വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുകയാണ്. നിരവധി പദ്ധതികളാണ് ഏജൻസി നടപ്പിലാക്കുന്നത്. കർഷകർക്ക് ഗുണകരമാകുന്നതരത്തിൽ കൃഷി വകുപ്പ്, കേരള കാർഷിക സർവ്വകലാശാല ഇവയൊക്കെയായി ചേർന്നുള്ള പ്രവർത്തനങ്ങൾ ആവശ്യവുമാണ്.

1967 ലെ കേരള ഭൂപരിഷ്കരണ നിയമം 1970 കളിൽ നടപ്പിലാക്കിയപ്പോൾ വ്യക്തിഗത ഭൂഉടമാ വകാശം 6 ഹെക്ടർ വരെയായി നിജപ്പെടുത്തി. ഇതിൽ നിന്നും തോട്ടുവിളകളെ ഒഴിവാക്കിയതിനെ തുടർന്ന് വളരെയധികം ഭൂമി തോട്ടവിളകൾക്കായി മാറ്റപ്പെട്ടു. എന്നാൽ ഇത്തരത്തിൽ ഭൂപരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ട തോട്ടവിളകളുടെ പട്ടികയിൽ കശുമാവിനെ ഉൾപ്പെടുത്തിയിരുന്നില്ല. പിന്നീട് നാളിതുവരെ കശുമാവിന് പ്ലാന്റേഷൻ പദവി ലഭിച്ചതുമില്ല. അതിനാൽ കശുമാവിന്റെ വിളവിസ്തൃതി വ്യക്തിഗത ഭൂപരിധിക്കുള്ളിലെ പരിമിതികളിൽ ഒതുങ്ങി. ഇന്ന് റബർകൃഷി നേരിടുന്ന പ്രതിസന്ധികൾക്ക് പരിഹാരമായി റബർ കൃഷിയിടങ്ങൾ കശുമാവ് കൃഷിയിടങ്ങളായി മാറ്റുന്നതിന് കശുമാവിനെക്കൂടി പരിധിയിലുൾപ്പെടുത്തിയില്ലെങ്കിലും അന്താരാഷ്ട്ര വിപണിയിലെ വർദ്ധിച്ച വിലയും ലഭ്യതക്കുറവും ഇറക്കുമതിക്ക് തടസ്സമായി നിൽക്കുന്നു.

കിഴക്കൻ ബ്രസീൽ ജന്മദേശമായ കശുമാവിനെ 16-ാം നൂറ്റാണ്ടിന്റെ മധ്യത്തിൽ പോർച്ചുഗീസുകാരാണ് ആദ്യമായി ഇന്ത്യയിൽ എത്തിച്ചത്. അത് ഗോവയിലായിരുന്നു. രൂക്ഷമായ മണ്ണൊലിപ്പ് തടയുന്നതിനുള്ള ഒരു വൃക്ഷവിളയായി ഇവിടെ എത്തിച്ച കശുമാവ് അധികം താമസ്സിയാതെ ഇന്ത്യൻ തീരപ്രദേശങ്ങളിലെ മുഖ്യ വരുമാനദായക വിളയായി പരിണമിച്ചു. വിലയേറിയ വിദേശനാണ്യം നേടിത്തരുന്ന വിളയെന്നതിലുപരി ലക്ഷക്കണക്കിന് ആളുകൾക്ക് തൊഴിൽ നൽകുന്ന വ്യവസായിക അസംസ്കൃത വസ്തു ലഭ്യമാക്കുന്ന വിളയെന്ന നിലയിലും കശുമാവിന് വലിയ പ്രാധാന്യമുണ്ട്.

ചൂടും ആർദ്രതയും കൂടിയ ഉഷ്ണമേഖല പ്രദേശങ്ങളിൽ നന്നായി വളരുന്ന ഒരു വൃക്ഷവിളയാണ് കശുമാവ്. കേരളത്തിന്റെ കാലാവസ്ഥ ഇതിന് അനുയോജ്യമാണ്. സമുദ്രനിരപ്പിൽ നിന്നും 700 മീറ്റർ വരെ ഉയരത്തിലും നല്ല നീർവാർച്ചയുള്ള എല്ലാത്തരം മണ്ണിലും കശുമാവ് വളരും. മറ്റ് കൃഷികൾക്ക് ഉപയുക്തമാകാത്ത ഭൂമിയും കശുമാവ് കൃഷിക്ക് ഉപയോഗിക്കാം. ചെളികലർന്ന നീർവാർച്ച കുറവുള്ള മണ്ണ് താഴ്ന്ന അന്തരീക്ഷ താപനില ഇവ ഈ വിളക്ക് യോജിച്ചതല്ല.

കേരള കാർഷിക സർവ്വകലാശാല പുറത്തിറക്കിയ കൂടുതൽ വിളവ് ലഭിക്കുന്ന മേൽത്തരം ഇനങ്ങളായ ശ്രീ, സുലഭ, അമൃത, മാടക്കത്തറ-2, പ്രിയങ്ക, ധനശ്രീ തുടങ്ങിയ ഇനങ്ങളുടെ ഗ്രാഫ്റ്റ് തൈകൾ ആവശ്യാനുസരണം ഉൽപ്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുകയാണ് ഏറ്റവും പ്രധാനം. ഇത്തരം മേൽത്തരം ഇനങ്ങൾ നട്ടുപിടിപ്പിക്കുന്നതിലൂടെയും ശാസ്ത്രീയ കൃഷിമുറകൾ അനുവർത്തിച്ചും ഉൽപ്പാദനക്ഷമത 650 കിലോ/ഹെക്ടർ എന്നതിൽ നിന്നും 3,000 കിലോ/ഹെക്ടർ ആക്കി ഉയർത്താണം. മേൽത്തരം ഇനങ്ങളുടെ ഗ്രാഫ്റ്റ് തൈകൾ ഉൽപ്പാദിപ്പിക്കുന്നതിന് കാർഷിക സർവ്വകലാശാല, കൃഷിവകുപ്പ്, കശുമാവ് വികസന ഏജൻസി ഇവ സംയുക്ത പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. ഈ മേഖലയിൽ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ മികച്ചയിനം ഗ്രാഫ്റ്റുകൾ ഉൽപ്പാദിപ്പിക്കുന്നതിന് ശേഷിയുള്ള നഴ്സറി സ്ഥാപിച്ചത് ഈ സാഹചര്യത്തിലാണ്. കാഷ്യു കോർപ്പറേഷനിൽ സീൽ വസ്തുക്കൾക്കായി തദ്ദേശ ഭരണസ്ഥാപനങ്ങളും, കർഷകരും മുൻകൂട്ടി അതിന്റെ വിലയടക്കുന്നതിന് തയ്യാറായി വരുന്നത് വിശ്വസനീയമായ മികച്ച നടീൽ വസ്തുക്കളുടെ വർദ്ധിച്ച ആവശ്യകത വെളിവാക്കുന്നു.

റബ്ബർ കൃഷിയിൽ ഈയടുത്ത കാലത്തുണ്ടായ പ്രതിസന്ധികൾ കർഷകർക്ക് റബ്ബറിലെ താത്പര്യം കുറച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ താരതമ്യേന കുറഞ്ഞ ചെലവിൽ സ്ഥാപിക്കാവുന്ന തോട്ടമെന്ന നിലയിൽ കശുമാവിനെ പ്രോത്സാഹിപ്പിക്കാവുന്നതാണ്. മൂന്നാം വർഷം മുതൽ വിളവ് ലഭിക്കുമെന്നതും, തുടർ പരിചരണ ചെലവുകൾ വളരെക്കുറവാണെന്നതും ആകർഷകമായ വസ്തുതകളാണ്. തോട്ടണ്ടിക്ക് നല്ല വില ലഭിക്കുമെന്നതും ഏറെ പ്രതീക്ഷ നൽകുന്നു. മികച്ച നടീൽ വസ്തുക്കൾ ആവശ്യത്തിന് ലഭ്യമാക്കുക, ശാസ്ത്രീയ കൃഷിരീതികൾ കർഷകർക്ക് പകർന്നു നൽകുക, ആകർഷകമായ സർക്കാർ പദ്ധതികൾ രൂപീകരിക്കുക, കശുമാവിനെ കൂടി തോട്ടവിളയായി പ്രഖ്യാപിക്കുക തുടങ്ങിയ കാര്യങ്ങളിൽ ബന്ധപ്പെട്ടവരുടെ സുതാര്യ ശ്രദ്ധയുണ്ടായാൽ കശുവണ്ടി വ്യാവസായത്തിന്റെ ഏറ്റവും വലിയ പ്രതിസന്ധിയായ തോട്ടണ്ടി ലഭ്യതക്കുറവ് പരിഹരിക്കാനും അതുവഴി വ്യവസായം നിലനിർത്താനും, തൊഴിലും വരുമാനവും ലഭിക്കുന്നതിലൂടെ ലക്ഷക്കണക്കിന് തൊഴിലാളികളുടെ അതിജീവനം സാധ്യമാക്കുന്നതിനും നമ്മുടെ സമ്പദ്ഘടന മെച്ചപ്പെടുത്തുന്നതിനും സാധിക്കും.

കാഷ്യു കോർപ്പറേഷൻ പ്ലാന്റേഷൻ വിഭാഗം

കേരള സ്റ്റേറ്റ് കാഷ്യു ഡെവലപ്മെന്റ് കോർപ്പറേഷന്റെ കൊല്ലം ജില്ലയിൽ കൊട്ടിയത്തുള്ള പ്ലാന്റേഷൻ വിഭാഗം അത്യുല്പാദനശേഷിയുള്ള കശുമാവിൻ ഗ്രാഫ്റ്റ് തൈകൾ ഉൽപാദിപ്പിച്ച് നൽകിവരുന്നു. പൊതുമേഖലയിൽ ഇന്ത്യയിലുള്ളതിലെ ഏറ്റവും കൂടുതൽ ഉല്പാദനശേഷിയുള്ള കശുമാവ് തൈ ഉല്പാദന കേന്ദ്രമായ ഈ നേഴ്സറിയിൽ പ്രതിവർഷം അഞ്ച് ലക്ഷം തൈകൾ ഉല്പാദിപ്പിക്കുവാനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ഇപ്പോൾ ഇവിടെ ഉല്പാദിപ്പിക്കുന്ന ഗ്രാഫ്റ്റുകൾ തോട്ടം മേഖലയിലും വനമേഖലയിലും കർഷകരും നടീൽ വസ്തുവായി ഉപയോഗിച്ചുവരുന്നു.

കശുമാവ് നടേണ്ട രീതി

നടീൽ വസ്തു : കുറഞ്ഞത് ആറ് മാസം പ്രായമായ 5-7 ഇലകളോടുകൂടിയ ആരോഗ്യമുള്ള ഗ്രാഫ്റ്റ് തൈകൾ നടാൻ തിരഞ്ഞെടുക്കുക.
നടീൽ സമയം : ജൂൺ, ജൂലൈ, സെപ്റ്റംബർ, ഒക്ടോബർ മാസം
നടീൽ അകലം : വരികൾ തമ്മിലും ചെടികൾ തമ്മിലും 7 മീറ്റർ (ഒരു ഹെക്ടറിൽ 200 മരം)
കുഴിയുടെ വലുപ്പം : 2 അടി മുതൽ 2.5 അടി വരെ വ്യാസമുള്ള കുഴികൾ
നടീൽ രീതി : കുഴികളിൽ മേൽമണ്ണിട്ട് മൂടി മദ്ധ്യഭാഗത്ത് ജൈവവളം ഇളക്കിച്ചേർത്ത് അവിടെത്തന്നെ ഒട്ടുതൈകൾ നടണം. നടുമ്പോൾ ആഴം കൂടരുത്. പ്ലാസ്റ്റിക് കൂടയിൽ തൈകൾ ഇരുന്നപ്പോൾ ഏതുവരെ മണ്ണിനടിയിൽ ഇരുന്നോ അതേ രീതിയിൽ തന്നെ കുഴിയിലും നടണം. നടീൽ സമയത്ത് ചെടി ഒന്നിന് 10 കി.ഗ്രാം കമ്പോസ്റ്റും 100 ഗ്രാം റോക്ക് ഫോസ്ഫേറ്റും കുഴിയിൽ ചേർക്കണം.

കശുമാവ് ഗ്രാഫ്റ്റ് ഉല്പാദനം

നടുമ്പോൾ ശ്രദ്ധിക്കേണ്ടത് :

* തൈകൾക്ക് ഊന്ന് കൊടുക്കണം.
* ചുവട്ടിൽ പുതയിടണം.
* ഒട്ടിച്ച ഭാഗത്തെ പോളിത്തിൻ നാട അഴിച്ചുമാറ്റണം
* ചുവട്ടിലെ കളകൾ പറിച്ചുനീക്കണം.
* ഗ്രാഫ്റ്റ് തൈകൾ നട്ട് ആദ്യവർഷം മുതൽ 3-4 വർഷത്തിനുള്ളിൽ കശുമാവ് തനതായ ശാസ്ത്രീയ ആകൃതി നിലനിർത്തുവാൻ പ്രൂണിംഗ് (ശാഖഛേദിക്കൽ) നടപ്പിലാക്കണം. തറനിരപ്പിൽ നിന്ന് 0.75 മീറ്റർ മുതൽ 1 മീറ്റർ വരെയുള്ള ചില്ലകൾ വെട്ടിമാറ്റി ഒറ്റത്തടിയായി നിലനിറുത്തണം.
* ആദ്യ രണ്ടുവർഷങ്ങളിൽ ഉണ്ടാകുന്ന പൂക്കളെ നശിപ്പിച്ചുകളയണം. ഇതുമൂലം നല്ല വളർച്ചയും 3-ാം വർഷം മുതൽ നല്ല കായ്ഫലവും ഉണ്ടാകും.

കീടനിയന്ത്രണം

* മൂന്നു മുതൽ അഞ്ച് ശതമാനം വീര്യമുള്ള വേപ്പെണ്ണയോ, 2% വീര്യമുള്ള പൊങ്കാമിയോ (ഉങ്ങ്) എണ്ണയോ തളിരിടൽ, പുഷ്പിക്കൽ, പച്ചണ്ടിപ്രായം എന്നീ സമയങ്ങളിൽ തളിച്ചുകൊടുത്താൽ തേയില കൊതുകിന്റെ ആക്രമണം മൂലം ഉണ്ടാകുന്ന നാശം കുറയ്ക്കാം.
* പച്ചുറുമ്പുകളുടെ (നീറ്) വാസം ശാഖകളിൽ വർദ്ധിപ്പിക്കാൻ സഹായിച്ചാൽ തേയില കൊതുകിന്റെ ശല്യം കുറക്കാം.
* തോട്ടത്തിൽ നിയന്ത്രിതമായ രീതിയിൽ പുകയിടുന്നത് തേയില കൊതുകിന്റെ ആക്രമണം കുറക്കാൻ സഹായിക്കും.
* കൊമ്പുണങ്ങുന്നതിനും കൊതുകിനെ നിയന്ത്രിക്കുന്നതിനും നൊച്ചി, വേപ്പില, ഉമ്മത്ത് എന്നിവ ചേർത്തുള്ള ദശഗവ്യം, തളിരിടൽ, പൂവിടൽ, പച്ചണ്ടി പിടിക്കൽ അവസരങ്ങളിൽ തളിച്ചുകൊടുക്കുന്നത് ഉല്പാദനം കൂട്ടുന്നതിന് സഹായിക്കും.
* തോട്ടം വൃത്തിയായി സൂക്ഷിക്കുക, രോഗ കീടബാധയേറ്റ ഇലകളും, ശാഖകളും നശിപ്പിക്കുകയോ കുഴിയിലിട്ട് മൂടുകയോ ചെയ്യുക.

തണ്ടുതുരപ്പൻ പുഴുവിനെ നിയന്ത്രിക്കാൻ

* തോട്ടത്തിൽ നിരന്തരമായി നിരീക്ഷണം നടത്തി തണ്ടുതുരപ്പന്റെ ആക്രമണം കാണുമ്പോൾ തന്നെ ഉളി ഉപയോഗിച്ച് പുഴുവിനെ എടുത്ത് നശിപ്പിക്കുക. ഇങ്ങനെ തൊലി ചെത്തി മാറ്റിയ സ്ഥലത്ത് 5% വേപ്പെണ്ണ മരത്തിന്റെ ചുവട് ഭാഗത്ത് തടിയിൽ ഒരുമീറ്റർ പൊക്കത്തിൽ പുരട്ടി കൊടുക്കുന്നതും നല്ലതാണ്. ഇത് സെപ്റ്റംബർ മുതൽ രണ്ട് മാസം ഇടവിട്ട് മൂന്ന് പ്രാവശ്യം ചെയ്യണം.
* മരത്തിന്റെ ചുവട് ഭാഗത്ത് തടിയിൽ ഒരുമീറ്റർ പൊക്കത്തിൽ ചെളികൊണ്ട് ആവരണം കൊടുത്തും ആക്രമണം തടയാം. ഇത് സെപ്റ്റംബർ മുതൽ രണ്ട് മാസം ഇടവിട്ട് മൂന്ന് പ്രാവശ്യം ചെയ്യണം.
* നശിച്ചുപോയ മരങ്ങളും കീടങ്ങളുടെ ആക്രമണം രൂക്ഷമായ മരങ്ങളും മുറിച്ചുമാറ്റണം.